# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3117

15.12.2015-ൽ മറുപടിക്ക്

### പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | ഉത്തരം<br>ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| എ) പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | എ) 05.01.2013 ലെ സ.ഉ.(സാധാ) നം.21/2013/ നി.വ. പ്രകാരം വടക്കഞ്ചേരി സബ് രജിസ്ട്രാർ ആഫീസ് കെട്ടിട നിർമ്മാണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) ഉണ്ട്. പാലക്കാട് ആർ.ഡി.ഒ.യുടെ 27.09.2006 ലെ സി.4344/2005-ാം നമ്പർ ഉത്തരവുപ്രകാരം ടി കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത വസ്തുവിന്റെ സമീപ വസ്തുക്കളുടെ ഉടമസ്ഥരായ ശ്രീ.വി.എം.ജോർജ്ജ്, ശ്രീ.തോമസ് സിറിയക്ക് എന്നിവർ ചേർന്ന്, സർക്കാർ അവരുടെ സ്ഥലം കൈയ്യേറിയെന്നു കാണിച്ച് ആലത്തൂർ മുൻസിഫ് കോടതിയിൽ OS-402/2013-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി 24.11.2015 ൽ അഭിഭാഷക കമ്മീഷൻ സ്ഥലം സന്ദർശിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ ആയിട്ടില്ല. |
| സി) കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) ടി കേസിന്മേൽ രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായ വിധി വന്നതിനുശേഷമേ കെട്ടിട നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ